**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **29.09.2016-ൽ മറുപടിക്ക്**

**ചോദ്യം നം. 933**

## കടലോര മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്. ശർമ്മ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | കടലോര മത്സ്യബന്ധനത്തിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കടലോര മത്സ്യബന്ധനത്തിനുള്ള മത്സ്യബന്ധന ഉപകരണങ്ങളുടെ വായ്പ വിതരണം, ഉപകരണ വിതരണത്തിനുള്ള വ്യാസാ സ്റ്റോറുകൾ, മത്സ്യ വിപണനത്തിന് സഹകരണ സംഘങ്ങൾ വഴി മൂലധനം, വായ്പ വിതരണം, എന്നിവയും മണ്ണെണ്ണ വിതരണത്തിനായി 12 മണ്ണെണ്ണ ബങ്കുകൾ, 8-ഡീസൽ ബങ്കുകൾ എന്നിവയും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് ഒരു ഡീസൽ ബങ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്ത് മറ്റൊരു മണ്ണെണ്ണ ബങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചു കഴിഞ്ഞു. എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഹാർബറുകളുടേയും കേരള തീരദേശ വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ലാന്റിംഗ് സെന്ററുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥരാക്കുന്നതിനും ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; | (ബി) | മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് suitable component for fishing gear subsidy നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്നീ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യഫെഡ് വഴി എൻ.സി.ഡി.സി ധന സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിക്ക് 08.06.2016 ലെ ജി.ഒ(ആർ.ടി) 350/16/മ. തു.വ നമ്പർ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ഈ പദ്ധതി വഴി മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 3333.33 ലക്ഷം രൂപയും വകയിരുത്തുകയും സംഘങ്ങളിൽ മത്സ്യലേലത്തിനും വിപണന പ്രവർത്തനം വിപുലീകരിക്കുന്നതിനും പ്രവർത്തന മൂലധനമായി 1040 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതിനായി എത്ര തുക ബഡ്ജറ്റിൽ വിലയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 50 ലക്ഷം രൂപ suitable component for fishing gear subsidy എന്ന പദ്ധതിക്കും 20 ലക്ഷം രൂപ നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്ന പദ്ധതിക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട് കൂടാതെ മത്സ്യഫെഡ് വഴിയുള്ള സംയോജിത മത്സ്യ വികസനം പദ്ധതിക്ക് 2016-17 ലെ ബഡ്ജറ്റിൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ വായ്പ 1650 ലക്ഷം രൂപയും (ശീർഷകം 6405-00-195-99), ഓഹരി മൂലധനം 100 ലക്ഷം രൂപയും (ശീർഷകം 4405-00-103-98 ), സബ്സിഡി 200 ലക്ഷം രൂപയുമാണ് (ശീർഷകം 2405-00-800-76). |

സെക്ഷൻ ഓഫീസർ